"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - ബഡ്ജറ്റ് പ്രവൃത്തി - ഇടുക്കി ജില്ല- ഇടുക്കി നിയമസഭാ മണ്ഡലം - **"ഗ്രാമീണ റോഡുകളുടെ നിർമ്മാണവും പുനരുദ്ധാരണവും"** എന്ന പ്രവൃത്തിയ്ക്ക് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡി.ബി.) വകുപ്പ്**

സ.ഉ.(സാധാ) നം.367/2026/LSGD തീയതി,തിരുവനന്തപുരം, 11-02-2026

---

പരാമർശം:- 1) 28.04.2021-ലെ സ.ഉ.(അച്ചടി) നം.67/2021/ധന.

2) തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 30.01.2026-ലെ LSGD/PD/1287/2026-EW4-നമ്പർ കത്ത്

ഉത്തരവ്

2025-26-ലെ വിശദമായ ബജറ്റ് എസ്റ്റിമേറ്റുകളുടെ അനുബന്ധം - II - മരാമത്തുപണികളുടെ വിശദ വിവരങ്ങൾ വാല്യം II ഭരണാനുമതി ഇല്ലാത്ത മരാമത്തു പണികൾ - ക്രമനമ്പർ 1141 ആയി വകയിരുത്തിയിട്ടുള്ള **' ഗ്രാമീണ റോഡുകളുടെ നിർമ്മാണവും പുനരുദ്ധാരണവും'** എന്ന പ്രവൃത്തിയിൽ ഉൾപ്പെട്ട ചുവടെ പറയുന്ന പ്രവൃത്തികൾക്ക്, നിർമ്മിതികേന്ദ്രം മുഖേന തയാറാക്കിയ എസ്റ്റിമേറ്റിന്മേൽ ഭരണാനുമതി ലഭ്യമാക്കുന്നതിനായി ശിപാർശ പരാമർശം (2) പ്രകാരം തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ സർക്കാരിൽ ലഭ്യമാക്കുകയുണ്ടായി.

| **ക്ര നം.** | **പ്രവൃത്തി** | **പഞ്ചായത്ത്/മുനിസിപ്പാലിറ്റി** | **തുക (ലക്ഷത്തിൽ)** |
|---|---|---|---|
| 1 | അടുക്കനട്ടി - തൊണ്ടിപ്പടി റോഡ് | കൊന്നത്തടി | 50 |
| 2 | പണിക്കൻകുടി -എസ്.എൻ.ഡി.പി. പടി കോളശ്ശേരിപ്പടി - കുരിശിങ്കൽ റോഡ് | കൊന്നത്തടി | 50 |
| 3 | ആശാൻപടി - കൈലാസം റോഡ് | കൊന്നത്തടി | 50 |
| 4 | കിഴക്കേമൊട്ടുക്കട്ട - കൽത്തൊട്ടി റോഡ് | കാഞ്ചിയാർ | 40 |
| 5 | മില്ലുംപടി - ശാസ്താംപാറ - വിമലഗിരി റോഡ് | മരിയാപുരം | 40 |
| 6 | ഗുരുമന്ദിരം - കൂട്ടക്കല്ല് റോഡ് | കാമാക്ഷി | 40 |
| 7 | വെളിഞ്ഞാലിപ്പടി - മന്നാനംമേട് റോഡ് | കട്ടപ്പന | 20 |
| 8 | പാലത്തിനാൽപടി - മന്തിക്കാനം റോഡ് | കട്ടപ്പന | 20 |
| 9 | കാൽവരി മൗണ്ട് -മിൽമാപ്പടി - ഇല്ലിക്കൽപടി റോഡ് | കാമാക്ഷി | 20 |
| 10 | നായനാർമുക്ക് ലക്ഷംവീട് കോളനി റോഡ് മെയിന്റനൻസ്, ഐറിഷ് നിർമ്മാണം, | കട്ടപ്പന | 20 |

| | | | |
|---|---|---|---|
| | റീടാറിംഗ്. | | |
| | | **ആകെ** | **350** |

2) സർക്കാർ മേൽ വിഷയം വിശദമായി പരിശോധിച്ചു. 2025-26-ലെ വിശദമായ ബജറ്റ് എസ്റ്റിമേറ്റുകളുടെ അനുബന്ധം - II - മരാമത്തുപണികളുടെ വിശദ വിവരങ്ങൾ വാല്യം II ഭരണാനുമതി ഇല്ലാത്ത മരാമത്തു പണികൾ - ക്രമനമ്പർ 1141 ആയി 20 % വകയിരുത്തി ഉൾപ്പെടുത്തിയ വകയിരുത്തിയ - ഇടുക്കി നിയോജക മണ്ഡലത്തിലെ വിവിധ ഗ്രാമീണ റോഡുകളുടെ നിർമ്മാണവും , പുനരുദ്ധാരണവും ,നടപ്പാത നിർമാണവും എന്ന പ്രവൃത്തിയിൽ ഉൾപ്പെട്ട മേൽ പരാമർശിച്ചിരിക്കുന്ന പ്രവൃത്തികൾ നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട് പരാമർശം (1) പ്രകാരമുള്ള ഉത്തരവിലെ ഖണ്ഡിക 5.2 ൽ പ്രതിപാദിച്ചിരിയ്ക്കുന്ന തരത്തിൽ അംഗീകൃത അക്രഡിറ്റഡ് ഏജൻസിയെക്കൊണ്ട് ടി പ്രവൃത്തികൾ നിർവഹിക്കുവാൻ ഉദ്ദേശിക്കുന്നുവെങ്കിൽ ഖണ്ഡിക 6-ൽ പ്രതിപാദിച്ചിട്ടുള്ള രീതിയിൽ Nature of work, Technical requirement, PMC Charges എന്നിവ കണക്കിലെടുത്ത് സുതാര്യമായ ടെണ്ടർ പ്രക്രീയയിലൂടെ മാത്രമേ അക്രഡിറ്റഡ് ഏജൻസിയെ തിരഞ്ഞെടുക്കാവൂവെന്ന വ്യവസ്ഥയിലും, പ്രസ്തുത പ്രവൃത്തിയുടെ നടത്തിപ്പിൽ പരാമർശം (1) പ്രകാരമുള്ള ഉത്തരവിലെ എല്ലാ വ്യവസ്ഥകളും തദ്ദേശസ്വയംഭരണ ചീഫ് എഞ്ചിനീയർ പാലിച്ചിരിയ്ക്കണമെന്ന വ്യവസ്ഥയിൽ, ടി പ്രവൃത്തിയ്ക്ക് 350 ലക്ഷം രൂപയുടെ(മുന്നൂറ്റി അമ്പത് ലക്ഷം രൂപ മാത്രം) ഭരണാനുമതി നൽകിയും, ടി പ്രവൃത്തിയിൽ പഞ്ചായത്ത് & മുനിസിപ്പാലിറ്റി എന്നിവയിലെ പ്രവൃത്തികൾ ഉൾപ്പെട്ടിട്ടുള്ളതിനാൽ, ടി പ്രവൃത്തികൾക്കാവശ്യമായ ചെലവ്, 4515-00-800-92-(NV)-ശീർഷകത്തിൽ നിന്നും 290 ലക്ഷം രൂപയും, 4217-60-051-94(NV)-എന്ന ശീർഷകത്തിൽ നിന്നും 60 ലക്ഷം രൂപയും വഹിക്കുന്നതിന് അനുമതി നൽകിയും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ലീന എൻ പി
അഡിഷണൽ സെക്രട്ടറി

1. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം ർ
2. ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
3. അക്കൗണ്ടന്റ് ജനറൽ (എ & ഇ /ഓഡിറ്റ്) കേരള, തിരുവനന്തപുരം
4. ധനകാര്യ വകുപ്പ്.(E:3411060/DEV-3/40/2026-FIn dated 09.02.2026) (AS/LGD/25/48656) & (AS/LGD/25/48658)
5. ചീഫ് മിഷൻ ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ.
6. ഇൻഫർമേഷൻ ഓഫീസർ വെബ് & ന്യൂ മീഡിയ വിംഗ്, ഐ.പി.ആർ.ഡി. തിരുവനന്തപുരം
7. കരുതൽ ഫയൽ. (DB2/908/2025-LSGD)

ഉത്തരവിൻ പ്രകാരം

Signed by
Smitha. L
Date: 11-02-2026 11:53:29
സെക്ഷൻ ഓഫീസർ